"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - എൽ.എ.സി.എ.ഡി.എസ് - കോട്ടയം ജില്ല - ഏറ്റുമാനൂർ നിയോജക മണ്ഡലത്തിലെ നീണ്ടൂർ എസ്.കെ.വി.ജി.എച്ച്.എസ് - ന് സ്കൂൾ ബസ് വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.3143/2023/GEDN തീയതി,തിരുവനന്തപുരം, 01-06-2023

---

പരാമർശം:-

1. 09/12/2016 തീയതിയിലെ സ.ഉ(പി) 178/16/ധന നമ്പർ ഉത്തരവ്
2. 05/03/2019 തീയതിയിലെ സ.ഉ(സാധാ) 1648/19/ധന നമ്പർ ഉത്തരവ്
3. കോട്ടയം ജില്ലാ കളക്ടറുടെ 16/6/2022 ലെ ഡി.2/698/ എം.എൽ.എ.എ.ഡി.എസ്/22 നമ്പർ ഉത്തരവ്
4. 16/03/2023 തീയതിയിലെ സ.ഉ(സാധാ) 1946/2023/പൊവിവ നമ്പർ ഉത്തരവ്
5. കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 17/04/2023 ലെ സി5/3450/2022 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആസ്തിവികസന ഫണ്ടിൽ (2021- 22) നിന്നും ഏറ്റുമാനൂർ നിയോജക മണ്ഡലത്തിലെ നീണ്ടൂർ എസ്.കെ.വി.ജി.എച്ച്.എസ് - ന് 4202-01-800-84- project under LAC-ADS other project — NP എന്ന ശീർഷകത്തിൽ നിന്നും വാഹനം വാങ്ങുന്നതിനായി 19,39,829/- (പത്തൊമ്പത് ലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി എണ്ണൂറ്റി ഇരുപത്തിയൊൻപത് രൂപ മാത്രം) രൂപ 4202-01-800-84 projects under LAC-ADS other projects-NP എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി തുക BAMS മുഖേന കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല. പ്രസ്തുത തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ പരാമർശം (5) പ്രകാരം അപേക്ഷ ലഭ്യമാക്കിയിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഏറ്റുമാനൂർ നിയോജക മണ്ഡലത്തിലെ നീണ്ടൂർ എസ്.കെ.വി.ജി.എച്ച്.എസ് - ന് സ്കൂൾ ബസ് വാങ്ങുന്നതിനാവശ്യമായ 19,39,829/- (പത്തൊമ്പത് ലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി എണ്ണൂറ്റി ഇരുപത്തിയൊൻപത് രൂപ മാത്രം) രൂപ നടപ്പുസാമ്പത്തിക വർഷം "4202-01-800-84- Projects under LAC ADS — other Projects (NP)" എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും അനുവദിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിലെ നടപടിക്രമങ്ങൾ പരാമർശം (3) ഉത്തരവിലെ നിബന്ധനകൾ എന്നിവ പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കോട്ടയം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

സ.ഉ.(സാധാ) നം.3143/2023/GEDN

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA.S.GEORGE

അണ്ടർ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ & ഇ) (ആഡിറ്റ്) , തിരുവനന്തപുരം

ജില്ലാ കളക്ടർ, കോട്ടയം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം

ധനകാര്യ വകുപ്പ്

ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Namitha T

Date: 01-06-2023 10:56:17